# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*363    19.03.2018 ൽ മറുപടിക്ക്**

**റോഡുകളുടെ പരിപാലനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഒ.ആർ.കേളു<br>ശ്രീ.പി. ഉണ്ണി<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.കാരാട്ട് റസാഖ് | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന റോഡുകളുടെ പരിപാലനത്തിന് ഈ സർക്കാർ പുതുതായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ; | എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഒരു പ്രത്യേക വിഭാഗം രൂപീകരിക്കുകയും ആയതിനായി 29.06.2017 ലെ സ ഉ (കൈ) നം.39/17/പൊമവ പ്രകാരം ഒരു ചീഫ് എഞ്ചിനീയറെ നിയമിച്ചിട്ടുള്ളതുമാണ്. ഇത് ഇന്ത്യയിൽ ആദ്യമാണ്. ചീഫ് എഞ്ചിനീയർ / ഗവൺമെന്റ് സെക്രട്ടറി / ജില്ലാകളക്ടർ എന്നിവർ റോഡുകളുടെ പരിശോധന ഓരോ വർഷവും നടത്തിവരുന്നു. ബഹുജന പങ്കാളിത്തത്തോടെ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഗുണനിലവാര പരിശോധനകളും കർശനമായി നടപ്പിലാക്കി വരുന്നു. ദേശീയപാത വിഭാഗത്തിൽ നിശ്ചിത ഇടവേളകളിൽ റീസർഫേസിംഗ് പ്രവൃത്തികൾ ഓർഡിനറി റിപ്പയറിംഗ് ഫണ്ട് ഉപയോഗിച്ചും ഫ്ലഡ് ഡാമേജ് റിപ്പയർ ഫണ്ട് ഉപയോഗിച്ചും നവീകരിച്ച് സഞ്ചാര യോഗ്യമാക്കാറുണ്ട്. |
| ബി) റോഡുകളുടെ ഗുണനിലവാരം ഇൻഡ്യൻ റോഡ്സ് കോൺഗ്രസ്സ് അനുശാസിക്കുന്ന പ്രകാരമാണെന്ന് ഉറപ്പുവരുത്തുന്നതിനായി റോഡുകളുടെ പ്രത്യേകതയനുസരിച്ച് പരിപാലന രീതികൾ അവലംബിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; സാങ്കേതിക സഹായ ലഭ്യതയ്ക്കായി കേന്ദ്ര റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ നോഡൽ ഏജൻസിയായി ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) ദേശീയപാത വിഭാഗത്തിൽ ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന പ്രകാരം ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ദേശീയപാത വിഭാഗത്തിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതിക വിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ സാധിക്കും വിധം ദേശീയപാത വിഭാഗത്തിൽ കരാറുകൾ ഇ പി സി വ്യവസ്ഥയിലും നടപ്പിലാക്കി വരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതിക വിദ്യകളും |

| | | |
|---|---|---|
| | | ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. മേൽ പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ നിർമ്മിച്ചിട്ടുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതാകുന്നുണ്ട്.<br><br>റോഡുകളുടെ ഗുണനിലവാരം ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന പ്രകാരം ഉറപ്പുവരുത്തിയാണ് റോഡുകളുടെ പ്രത്യേകതയനുസരിച്ച് പരിപാലിച്ചു വരുന്നത്. സാങ്കേതിക സഹായ ലഭ്യതയ്ക്കായി കേന്ദ്ര റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ നോഡൽ ഏജൻസിയായി ഏർപ്പെടുത്തിയിട്ടില്ല. ആവശ്യം വരുമ്പോൾ സാങ്കേതിക സഹായത്തിന് എപ്പോഴും സി. ആർ. ആർ. ഐ- യുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. |
| സി) | റോഡ് ഉപയോക്താക്കളുടെയും പൊതു ജനങ്ങളുടെയും പരാതി പരിഹാരത്തിനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ? | സി) 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ട്. ബഹു. മുഖ്യമന്ത്രിയുടെയും വകുപ്പ് മന്ത്രിയുടെയും ഓഫീസിൽ പരാതി സ്വീകരിക്കുന്നതിനും സത്വര നടപടികൾ എടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ